(സി) തുക അനുവദിച്ചിട്ടും കടകൾ പൊളിച്ചുമാറ്റി റോഡിന് വീതി കൂട്ടാത്തതെന്താണെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത റോഡ് നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്രസ്തുത റോഡിന്റെ വീതി കൂട്ടുന്നതിനായി 17-2-2010-ലെ ജി.ഒ. (സാധാ) 273/10/09/പൊ.മ.വ. ഉത്തരവ് പ്രകാരം 84 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പണിയുടെ ടെൻഡർ നടപടികൾ നടന്നുവരികയാണ്.

(ബി) നഷ്ടപരിഹാരം നൽകുന്നതിനായി 65 ലക്ഷം രൂപ, ആലപ്പുഴ ദേശീയപാതാ വിഭാഗത്തിൽനിന്നും, കൊല്ലം ദേശീയപാത വിഭാഗം പൊന്നും വില തഹസിൽദാർക്ക് അനുവദിച്ചിട്ടുണ്ട്. വിശദവിവരം ശേഖരിച്ചു വരുന്നു.

(സി) കടകൾ പൊളിച്ചു മാറ്റുന്നതിനുള്ള ലേല നടപടികൾ പൊതുമരാമത്ത് വകുപ്പ് ആരംഭിച്ചിട്ടുണ്ട്.

(ഡി) ടെൻഡർ നടപടികൾ പൂർത്തീകരിച്ച് പണി തുടങ്ങുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

പത്തനംതിട്ട ജില്ലയിലെ പടുതോടുപാലം

235 (4589) ശ്രീ. ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിലെ മുടങ്ങിക്കിടക്കുന്ന പടുതോടു പാലം പണി പുനരാരംഭിക്കാൻ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) അവശേഷിക്കുന്ന പണി വീണ്ടും ടെൻഡർ ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിനായി എത്രരൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത് ; അതിന് എ.എസ്. നൽകിയിട്ടുണ്ടോ ;

(ഡി) എന്നത്തേക്ക് പണി പുനരാരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പടുതോട് പാലം നിർമ്മാണം ഏറ്റെടുത്ത കരാറുകാരനുമായുള്ള കരാർ റദ്ദു ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബാക്കി പണികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരികയുമാണ്.

(ബി) ഇല്ല. ആദ്യത്തെ കരാറുകാരനുമായുള്ള കരാർ റദ്ദുചെയ്താൽ മാത്രമേ അവശേഷിക്കുന്ന പണികൾ വീണ്ടും ടെൻഡർ ചെയ്യാൻ സാധിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

(സി) കരാർ റദ്ദുചെയ്തശേഷമേ അവശേഷിക്കുന്ന പണികളുടെ എസ്റ്റിമേറ്റ് ലഭ്യമാക്കാൻ കഴിയുകയുള്ളൂ.

(ഡി) കരാർ റദ്ദുചെയ്ത് പുതിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകി നടപടികൾ പൂർത്തിയായാൽ മാത്രമേ പണി പുനരാരംഭിക്കാൻ സാധിക്കുകയുള്ളൂ.

ചേർത്തല നെടുമ്പ്രക്കാട് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

236 (4580) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർത്തല നെടുമ്പ്രക്കാട് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതുഘട്ടംവരെയായി എന്ന് വിശദമാക്കുമോ ; നെടുമ്പ്രക്കാട് പാലത്തിന്റെ നിർമ്മാണത്തിനാവശ്യമായ തുക അനുവദിച്ച് വളരെക്കാലം കഴിഞ്ഞിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ വളരെ മന്ദീഭവിച്ച് നീങ്ങുന്നതിന് കാരണക്കാർ ആരാണെന്ന് വിശദമാക്കുമോ ;

(ബി) നെടുമ്പ്രക്കാട് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട അപ്രോച്ച് റോഡിന് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട വിജ്ഞാപനം ഇറക്കുന്നതിന് മരാമത്ത് 'ഡി' സെക്ഷനിൽ ഫയൽ എത്തി മൂന്നുമാസം കഴിഞ്ഞാണ് വിജ്ഞാപനം ഉണ്ടായത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സർക്കാരിന്റെ വികസനപ്രവർത്തനങ്ങളുടെ ഭാഗമായ ഈ പാലം നിർമ്മാണത്തിന്റെ ഫയലിൽ വിജ്ഞാപനമുണ്ടാകുവാൻ ഇത്രയും മാസത്തെ കാലതാമസത്തിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) സെക്രട്ടേറിയറ്റിലെ മരാമത്ത് വിഭാഗം 'ഡി' സെക്ഷനിലെ ഈ ഫയൽ നടപടി എടുക്കാതെ വച്ചുതാമസിപ്പിച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നെടുമ്പ്രക്കാട് പാലത്തിന്റെ ഫൗണ്ടേഷനിൽ വ്യത്യാസം അനിവാര്യമായി വന്നതുകൊണ്ടും അപ്രോച്ച് റോഡുകൾക്കുള്ള സ്ഥലം ഏറ്റെടുക്കുവാൻ താമസം വന്നതുകൊണ്ടും കരാറുകാരൻ പണി നിർത്തിവച്ചിരിക്കുകയാണ്.

(ബി) ഉണ്ട്.

(സി & ഡി) സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ശുപാർശ പരിശോധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് അമിതമായ കാലതാമസമോ, മനഃപൂർവ്വമായ വീഴ്ചയോ ഉണ്ടായതായി കാണുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly